നമ്പർ. സി.ബി(1)29935/08 | സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, 30.06.2008

**സർക്കുലർ നമ്പർ. 45/08**

വിഷയം : സഹകരണ വകുപ്പ് - സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നൽകി വരുന്ന കാർഷിക വായ്പകളുടെ പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1. ഈ ആഫീസിലെ 17.7.07 തീയതിയിലെ 43/07 നമ്പർ സർക്കുലർ

2. 6.6.08 ൽ ബഹു: സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് തീരുമാനം.

. . . . . .

സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നൽകി വരുന്ന കാർഷിക വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശ നിരക്ക് നിശ്ചയിച്ച് സൂചന (1) പ്രകാരം സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സൂചന (2) പ്രകാരം കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ 2008-09 വർഷത്തെ കാർഷികവായ്പാ വിതരണം സംബന്ധിച്ചുള്ള വിഷയം വിശദമായി ചർച്ച ചെയ്യുകയും കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിലും, സുഗമമായും കാർഷിക വായ്പ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഹ്രസ്വകാല കാർഷിക വായ്പയുടെ 2008-09 വർഷത്തെ നബാർഡ് പോളിസി പ്രകാരം സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കാർഷിക വായ്പയ്ക്ക് 3.5% പലിശ നിരക്കിലാണ് നബാർഡ് പുനർ വായ്പ ലഭ്യമാക്കുന്നതെന്ന സാഹചര്യം യോഗം വിലയിരുത്തുകയും സംസ്ഥാനത്ത് നെല്ല്, പച്ചക്കറി, വാഴ, കപ്പ എന്നീ വിളകൾ-ക്കൊഴികെ മററ് വിളകൾക്ക് അനുവദിക്കുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ 7% പലിശ നിരക്കിൽ വിതരണം ചെയ്യുന്നതിനും, നെല്ല്, പച്ചക്കറി, വാഴ, കപ്പ എന്നീ വിളകൾക്ക് 4% പലിശനിരക്കിൽ ഹ്രസ്വകാല കാർഷിക വായ്പാ വിതരണം ചെയ്യ-ണമെന്നും തീരുമാനിക്കുകയുണ്ടായി. നബാർഡിൽ നിന്നും 3.5% പലിശ നിരക്കിൽ ലഭിക്കുന്ന വായ്പയോടൊപ്പം സംസ്ഥാന സഹകരണ ബാങ്ക് അവരുടെ വിഹിതം കൂടി ചേർത്ത് 4% പലിശ നിരക്കിൽ ജില്ലാ സഹകരണ ബാങ്കുകൾക്കും, ജില്ലാ സഹകരണ ബാങ്കുകൾ അവരുടെ വിഹിതം കൂടി ചേർത്ത് 5% നിരക്കിൽ പ്രാഥമിക കാർഷികവായ്പാ സംഘങ്ങൾക്കും, പ്രാഥമികകാർഷികവായ്പാ സംഘങ്ങൾ 7%നിരക്കിലും വായ്പ വിതരണം ചെയ്യണമെന്നും യോഗം തീരുമാനിച്ചു.

മേൽ സാഹചര്യത്തിൽ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പക്ക് വിവിധ തട്ടുകളിൽ നിലകൊള്ളുന്ന വായ്പാ സംഘങ്ങൾ/ബാങ്കുകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശ നിരക്ക് ശതമാന കണക്കിൽ ചുവടെ പറയും പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

(എ) നെല്ല്, പച്ചക്കറി, വാഴ, കപ്പ എന്നീ വിളകൾക്കൊഴികെ മററ് വിളകൾക്ക് വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ.

| ക്രമ നമ്പർ | സംഘങ്ങൾ/ബാങ്കുകൾ | ഈടാക്കാവുന്ന പലിശനിരക്ക് ശതമാന കണക്കിൽ |
|---|---|---|
| 1 | സംസ്ഥാന സഹകരണ ബാങ്ക് - ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും | 4 |
| 2 | ജില്ലാ സഹകരണ ബാങ്കുകൾ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും | 5 |
| 3 | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ കർഷകരിൽ നിന്നും | 7 |

(ബി) നെല്ല്, പച്ചക്കറി, വാഴ, കപ്പ എന്നീ വിളകൾക്ക് വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾക്ക് നബാർഡ് പുനർ വായ്പ നൽകുന്ന പലിശ നിരക്കായ 3.5% പലിശ നിരക്കിൽ തന്നെ സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും ആനുപാതികമായി അവരവരുടെ വിഹിതം കൂടി ചേർത്ത് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് നൽകേണ്ടതും, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ പരമാവധി 4 % പലിശ നിരക്കിൽ കർഷർക്ക് വായ്പകൾ വിതരണം ചെയ്യേണ്ടതുമാണ്.

പഞ്ചായത്തു തലത്തിൽ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ ആഭിമുഖ്യത്തിൽ കൃഷി വകുപ്പിൻെറ കൂടി സഹകരണത്തോടെ കർഷകരുടെ യോഗം വിളിച്ചുകൂട്ടി കാർഷിക വായ്പാവിതരണം സംബന്ധിച്ച് ചർച്ച ചെയ്യേണ്ടതും കർഷകർക്ക് ഇക്കാര്യത്തിൽ ആവശ്യമായ ബോധവത്ക്കരണം നടത്തേണ്ടതും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, കർഷകർക്ക് ആവശ്യമായ കാർഷിക വായ്പ ലഭ്യമാക്കുന്നതിനും കാർഷിക വായ്പാ വിതരണത്തിൽ കൂടുതൽ പുരോഗതിയും, നേട്ടവും കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

(ഒപ്പ്)
റാണി ജോർജ്ജ്. ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് :

1. മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
2. ചീഫ് ജനറൽ മാനേജർ,
   നബാർഡ് തിരുവനന്തപുരം
3. മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, തിരുവനന്തപുരം
4. ജനറൽ മാനേജർ,
   എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും
5. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ/ആഡിററർ)മാർക്കും
6. എല്ലാ ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിററർമാർക്കും (സംസ്ഥാന സഹകരണ ബാങ്ക്/സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകൾ)

7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
8. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
9. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
10. എഡിറ്റർ, സഹകരണ വീഥി
11. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
12. സ്റ്റോക്ക് ഫയൽ/സ്പെയർ

// ആജ്ഞാനുസരണം //

സഹകരണ സംഘം രജിസ്ട്രാർക്കു വേണ്ടി